بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**15-05-2026**

# നബിതിരുമേനി(സ)യുടെ ഉദാത്ത ഗുണങ്ങൾ:വിനയം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്
(അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

*തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറഃ ഫാതിഹ എന്നിവ ഓതിയ ശേഷംഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ്) പ്രതിപാദിച്ചു:*

ഈ ലോകത്ത് സമ്പൂർണ മനുഷ്യൻ ജനിച്ചിട്ടുണ്ടെങ്കിൽ അത് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) ആണെന്ന് നാം വിശ്വസിക്കുകയും അതിൽ ഈമാൻ കൈകൊള്ളുകയും ചെയ്യുന്നു. നബിതങ്ങൾ(സ)ക്ക് മുൻപോ ശേഷമോ ഒരു തികവുറ്റ മനുഷ്യൻ ജനിച്ചിട്ടില്ല. അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിലാകട്ടെ, സമസൃഷ്ടികളോടുള്ള കടമകളാകട്ടെ, സമസ്ത ഉത്കൃഷ്ടസ്വഭാവങ്ങളും നബി തിരുമേനി(സ)യുടെ വ്യക്തിത്വത്തിൽ സമന്വയിച്ചിരിക്കുന്നത് കാണാം. പ്രസ്തുത ധാർമികഗുണങ്ങളിൽ പെട്ട ഒന്നാണ് അവിടുത്തെ വിനയവും എളിമയും. ഈ വിഷയവുമായി ബന്ധപ്പെട്ട ഏതാനും ഹദീസുകളും വാഗ്ദത്ത മസീഹി(അ)ന്റെ ഉദ്ധരണികളുമാണ് ഇന്ന് ഞാൻ സമർപ്പിക്കുന്നത്.

ഹദ്റത്ത്മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു:

*നമ്മുടെ നബി തിരുമേനി(സ)യെക്കാൾ തികവാർന്ന മനുഷ്യൻ ലോകത്ത് നിലവിലില്ല;ഖിയാമത്ത് നാൾവരെ ഇനിയൊട്ടും ഉണ്ടാകുകയുമില്ല. നോക്കുക,തനത മുഅ്ജിസത്തുകൾ(ദിവ്യാദ്ഭുതങ്ങൾ) ലഭിച്ചിട്ടും നബിതങ്ങളിൽ(സ)സദാ മുഴച്ചു നിന്നിരുന്നത് മനുഷ്യാവസ്ഥതന്നെയായിരുന്നു. 'നിങ്ങളെപ്പോലെ ഒരു മനുഷ്യൻ മാത്രമാണ് ഞാൻ' എന്നത്രേ അവിടുന്ന് പറഞ്ഞുകൊണ്ടിരുന്നത്.*

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

*വീമ്പുപറച്ചിലും വ്യർഥമായപെരുമ കാണിക്കലും വർജ്ജിച്ചുകൊണ്ട് വിനയവും താഴ്മയും കൈക്കൊള്ളുകയാണ് വേണ്ടത്. നോക്കുക, യഥാർത്ഥത്തിൽ എല്ലാവരേക്കാളും മഹാനും മഹത്ത്വത്തിന് അർഹനുമായിരുന്ന നബി തിരുമേനി(സ)യുടെവിനയത്തിന്റെയും താഴ്മയുടെയും ഒരു മാതൃക ഖുർആനിലുണ്ട്. ഒരു അന്ധൻ നബി തിരുമേനി(സ)യുടെ സന്നിധിയിൽ വന്ന് ഖുർആൻ പഠിക്കാറുണ്ടായിരുന്നു. ഒരുവേള നബിതങ്ങൾ(സ)യുടെ അടുക്കൽ മക്കയിലെ പ്രമുഖരും പ്രമാണിമാരും ഒത്തുകൂടിയപ്പോൾ അവിടുന്ന് അവരുമായി സംസാരത്തിൽ മുഴുകിയിരിക്കുകയായിരുന്നു. അല്പം കാത്തിരുന്നതിനു ശേഷം ആ അന്ധൻ തിരിച്ചുപോയി.*

പറയുന്നു:

*ഇതൊരു നിസ്സാര സംഗതിയാണെങ്കിലും അല്ലാഹു ഇതു സംബന്ധമായി ഒരു സൂറത്ത് തന്നെ അവതരിപ്പിക്കുകയുണ്ടായി. അതിനെത്തുടർന്ന് നബി തിരുമേനി(സ) അദ്ദേഹത്തിന്റെ വീട്ടിൽ പോകുകയും അദ്ദേഹത്തെ കൂടെ കൊണ്ടുവന്ന് തന്റെ അനുഗൃഹീത പുതപ്പ് വിരിച്ച് ഇരുത്തുകയും ചെയ്തു. ആരുടെ ഹൃദയങ്ങളിലാണോ ദൈവമഹത്വം കുടികൊള്ളുന്നത്, അവർക്ക് നിർബന്ധമായും വിനയാന്വിതരും താഴ്മയുള്ളവരും ആയി മാറേണ്ടി വരും എന്നതാണ് വസ്തുത. എന്തെന്നാൽ അല്ലാഹു പരാശ്രയരഹിതനാണെന്നതിനെ ചൊല്ലി അവർ എപ്പോഴും ഭയവിഹ്വലരായി കഴിയുന്നവരാണ്.*

ഹുസൂർ തിരുമനസ്സ് പറയുന്നു:

ഖുർആനിൽ വിവരിക്കപ്പെട്ടതോ ഹദ്റത്ത് മസീഹ് മൗഊദ് (അ) വിവരിച്ചതോ ആയ ഒരു സംഭവം മാത്രമല്ല ഇത് .മറിച്ച് നബി തിരുമേനി(സ) ഉത്തമ മാതൃകയാണെന്ന പാഠം നമുക്ക് നൽകപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് അങ്ങയെ സ്നേഹിക്കുന്നുവെന്ന് അവകാശപ്പെടുന്നവരാണ് നിങ്ങളെങ്കിൽ വിനയത്തിന്റെയും എളിമയുടെയും ഉന്നതമായ നിലവാരങ്ങൾ കൈവരിക്കാൻ പരിശ്രമിക്കേണ്ടതാണ്.

ഓരോ മനുഷ്യന്റെയും ശിരസ്സിൽ രണ്ട് ചങ്ങലകൾ ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്ന് നബി തിരുമേനി(സ)പ്രസ്താവിച്ചിട്ടുണ്ട്.ഒരുചങ്ങലആകാശത്തേക്കും മറ്റേത് ഭൂമിയിലേക്കുമാണ്. മനുഷ്യൻ വിനയവും താഴ്മയും അവലംബിക്കുമ്പോൾ ആകാശത്തെ ചങ്ങല പിടിച്ചിരിക്കുന്ന മലക്ക് അതിനെ മുകളിലേക്ക് ഉയർത്തുകയും അവൻ അഹങ്കാരവും അഹംഭാവവും കാണിക്കുമ്പോൾ ഭൂമിയിലെചങ്ങലഅവനെതാഴേക്ക്വലിക്കുകയും ചെയ്യുന്നു. മനുഷ്യൻ വിനയം അവലംബിക്കുമ്പോൾ അല്ലാഹു അവനെ ഏഴാനാകാശം വരെ ഉയർത്തുന്നുവെന്ന് നബിതിരുമേനി(സ) പറയുകയുണ്ടായി.

വിനയം അവലംബിക്കുന്ന കാര്യത്തിൽ നബി തിരുമേനി(സ)യുടെ സ്വന്തം നിലവാരം എന്തായിരുന്നുവെന്ന് നോക്കാം.

ഹദ്റത്ത് അനസ് ബിൻ മാലിക് (റ) നിവേദനം ചെയ്യുന്നു, ഒരിക്കൽ ഒരാൾ നബി തിരുമേനി(സ)യെ അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: നമ്മുടെ നേതാവിന്റെ പുത്രനായ നേതാവും നന്മയുടെ പുത്രനായ നന്മയും ആയുള്ളോനേ! ഇതു കേട്ട നബിതങ്ങൾ(സ) പറഞ്ഞു: അല്ലയോ ജനങ്ങളേ, തഖ്വ(ഭയഭക്തി) നിർബന്ധമായി കൈക്കൊള്ളുക. പിശാച് നിങ്ങളെ വഴിതെറ്റിക്കാതിരിക്കട്ടെ. അബ്ദുല്ലായുടെ മകൻ മുഹമ്മദ് ആണ് ഞാൻ; അല്ലാഹുവിന്റെ ദാസൻ; അവന്റെ ദൂതൻ. അല്ലാഹുവാണ! അല്ലാഹു എനിക്ക് നൽകിയ പദവിയെ നിങ്ങൾ പെരുപ്പിച്ചു കാണിക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.

അതുപോലെത്തന്നെ നബിതങ്ങൾ(സ) പറയുകയുണ്ടായി: ഒരാളുടെയും കർമ്മം അയാളെ ഒരിക്കലും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയില്ല. സ്വഹാബികൾ ആരാഞ്ഞു: യാ റസൂലല്ലാഹ്, അങ്ങും പ്രവേശിക്കില്ലേ? അവിടുന്ന് പറഞ്ഞു: ഇല്ല, ഞാനും പ്രവേശിക്കുന്നതല്ല; ദൈവാനുഗ്രഹം ലഭിച്ചാലല്ലാതെ.

നബിതിരുമേനി(സ) ഇപ്രകാരം ദുആ ചെയ്യുമായിരുന്നു:

*അല്ലാഹുവേ, എന്നെ ഒരു മിസ്കീനായി ജീവിപ്പിക്കുകയും മിസ്കീനായി മരിപ്പിക്കുകയും മിസ്കീങ്ങളുടെ കൂട്ടത്തിൽ എന്നെ ഉയിർത്തെഴുന്നേൽപ്പിക്കുകയും ചെയ്യേണമേ.*

ബുദ്ധിക്ക് അല്പം കുറവുള്ള ഒരു സ്ത്രീ ഇപ്രകാരം അപേക്ഷിച്ചു: യാ റസൂലല്ലാഹ്, എനിക്ക് നബിതങ്ങളോട് ഒരു കാര്യം ആവശ്യപ്പെടാനുണ്ട്. അവിടുന്ന് പറഞ്ഞു: ഇന്നയാളുടെ മാതാവേ, നിങ്ങൾ ആഗ്രഹിക്കുന്ന ഏത് വഴിയിലൂടെ വേണമെങ്കിലും എന്നെ കൊണ്ടുപൊയ്ക്കൊള്ളുക, നിങ്ങളുടെ കാര്യം പൂർത്തിയാക്കുന്നത് വരെ ഞാൻ കൂടെ വരാം.

നബിതങ്ങൾ അൻസാരികളുടെ അടുക്കൽ പോകുമ്പോൾ അവരുടെ കുട്ടികൾക്ക് സലാം പറയുകയും അവരുടെ തല തലോടുകയും അവർക്ക് വേണ്ടി ദുആ ചെയ്യുകയും ചെയ്യുമായിരുന്നു.

ഒരിക്കൽ ഒരാൾ നബി തിരുമേനി(സ)യുടെ സന്നിധിയിൽ ഹാജരായി തിരുനബിയോട് സംസാരിച്ചു. അവിടുത്തെ ഗാംഭീര്യം കാരണം അയാളുടെ തോളുകൾ വിറകൊള്ളാൻ തുടങ്ങി. തിരുമേനി അയാളോട് പറഞ്ഞു: പരിഭ്രമിക്കാതെ, ഞാൻ ഒരു രാജാവല്ല, ഉണക്ക മാംസം കഴിക്കാറുണ്ടായിരുന്നു ഒരു സ്ത്രീയുടെ മകൻ മാത്രമാണ് ഞാൻ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പ്രസ്താവിക്കുന്നു: *തിരുനബിക്ക് അല്ലാഹു വിജയങ്ങൾ നല്കി അനുഗ്രഹിക്കുന്തോറും അവിടുന്ന് കൂടുതൽ വിനയവും താഴ്മയും അവലംബിച്ചു പോന്നു.*

നബി തിരുമേനി(സ) പറഞ്ഞു: *ക്രിസ്ത്യാനികൾ ഇബ്നു മർയമിന്റെ കാര്യത്തിൽ അതിശയോക്തി കാണിച്ചതുപോലെ എന്റെ കാര്യത്തിൽ നിങ്ങൾ അതിശയോക്തി കാണിക്കരുത്. ഞാൻ അല്ലാഹുവിന്റെ ഒരു ദാസൻ മാത്രമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ ദാസനെന്നും അവന്റെ റസൂൽ എന്നും നിങ്ങൾ പറയുക.*

മറ്റൊരിക്കൽ അവിടുന്ന് പറഞ്ഞു: *ഞാൻ യൂനുസ് ബിൻ മത്തായേക്കാൾ ശ്രേഷ്ഠനാണെന്ന് ആരും*

*പറയരുത്.*
ശ്രേഷ്ഠനായിരുന്നിട്ടുകൂടി അത്തരം താരതമ്യങ്ങളിൽ നിന്ന് അദ്ദേഹം വിലക്കുകയും അങ്ങേയറ്റത്തെ വിനയം പ്രകടിപ്പിക്കുകയുമാണ് ചെയ്തത്. ഒരാൾ നബിതിരുമേനിയെ ഖൈറുൽ ബരിയ്യ അഥവാ സൃഷ്ടികുലോത്തമൻ എന്ന് അഭിസംബോധന ചെയ്തപ്പോൾ, അത് ഇബ്രാഹീം ആയിരുന്നുവെന്ന് അവിടുന്ന് അരുളി.

തീർച്ചയായും നബിതങ്ങൾ സൃഷ്ടികുലോത്തമൻ ആയിരുന്നു, ആണ് താനും. സൃഷ്ടികളിൽ വച്ച് ഏറ്റവും ശ്രേഷ്ഠൻ തിരുമേനി തന്നെയാണെങ്കിലും അങ്ങേയറ്റത്തെ വിനയാതിരേകത്താൽ അവിടുന്ന് അത് ഹദ്റത്ത് ഇബ്രാഹീമിലേക്ക് ചേർത്തു പറഞ്ഞു.

മക്കാവിജയത്തിനുശേഷം നബിതിരുമേനി(സ) ഒരു ലക്ഷത്തിലധികം സ്വഹാബികളോടൊപ്പം ഹജ്ജ് നിർവഹിച്ചു. ആ സമയത്ത് നബി തിരുമേനി(സ)യുടെ നമ്രഭാവത്തിന്റെ അവസ്ഥയെക്കുറിച്ച് പറയുകയാണെങ്കിൽ അവിടുന്ന് ഒരു സാധാരണ ഇരിപ്പിടമുള്ള ഒട്ടകപ്പുറത്ത് കയറിയാണ് ഹജ്ജ് നിർവഹിച്ചത്. നാലോ അതിൽ കുറവോ ദിർഹം വില വരുന്ന പുതപ്പായിരുന്നു തിരുമേനിയുടേത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസ്താവിക്കുന്നു:

*അഹ്മദ് എന്ന നാമം ജമാലിന്റെ (പ്രഭാസൗന്ദര്യത്തിന്റെ) പ്രതീകമാണ്. മറുവശത്ത് മുഹമ്മദ് എന്ന നാമം ജലാലിന്റെ (പ്രതാപഗരിമയുടെ) പ്രതീകമായി ഉണ്ട്. മുഹമ്മദ് എന്ന നാമത്തിൽ മഹ്ബൂബിയ്യത്തിന്റെ (പ്രേമഭാജനം എന്ന അവസ്ഥയുടെ) പൊരുളും അഹ്മദ് എന്ന നാമത്തിൽ ഇശ്കിന്റെ പൊരുളും ഉള്ളടങ്ങിയിരിക്കുന്നതാണ് ഇതിനു കാരണം. മുഹമ്മദ് എന്ന നാമത്തിൽ ഉള്ളടങ്ങിയ മഹ്ബൂബിയ്യത്ത് സഹാബാക്കൾ മുഖേന വെളിപ്പെടുകയുണ്ടായി. അവഹേളിക്കുന്നവരും ഗളഛേദം നടത്തുകയും ചെയ്യുന്നവരെ ദിവ്യസ്നേഹത്തിന്റെ പ്രൗഢപ്രതീകങ്ങളായവർ നിലംപരിശാക്കി.*

ഹദ്റത്ത് അനസ് ബിൻ മാലിക് നിവേദനം ചെയ്യുന്നു, നബിതങ്ങൾ രോഗികളെ സന്ദർശിക്കുമായിരുന്നു, ജനാസയിൽ പങ്കെടുക്കുമായിരുന്നു, കോവർകഴുതപ്പുറത്ത് യാത്ര ചെയ്യുമായിരുന്നു, ഒരു അടിമയുടെ ക്ഷണം പോലും അദ്ദേഹം സ്വീകരിക്കുമായിരുന്നു. ആളുകളുടെ വികാരങ്ങളെ നബിതിരുമേനി വളരെയധികം മാനിച്ചിരുന്നു.

ഉദാഹരണമായി ഒരിക്കൽ നബിതങ്ങൾ ഒരു കുഷ്ഠരോഗിയുടെ കൈ പിടിക്കുകയും തന്റെ കൂടെ പാത്രത്തിൽ ഭക്ഷണത്തിൽ പങ്കുചേർക്കുകയും ചെയ്തു. ശേഷം പറഞ്ഞു, അല്ലാഹുവിന്റെ നാമത്തിൽ അവനിൽ വിശ്വാസമർപ്പിച്ചുകൊണ്ടും തവക്കുൽ ചെയ്തുകൊണ്ടും നിങ്ങൾ കഴിക്കുക. നബി തിരുമേനി(സ) യാത്രയിൽ ഒരിക്കൽ ആട്ടിറച്ചി തയ്യാറാക്കാൻ നിർദേശിച്ചപ്പോൾ ആട്ടിനെ അറുക്കുക, തോൽ ഉരിക്കുക, ഭക്ഷണം പാകം ചെയ്യുക എന്നിങ്ങനെയുള്ള ജോലികൾ ആളുകൾ ഏറ്റെടുത്തു. നബി തിരുമേനി(സ) പ്രസ്താവിച്ചു: വിറക് ശേഖരിക്കുക എന്നത് എന്റെ ഉത്തരവാദിത്വമാണ്. സ്വഹാബികൾ അപേക്ഷിച്ചു: യാ റസൂലല്ലാഹ്, ഞങ്ങൾ നബിതങ്ങൾക്ക് വേണ്ടി അത് ചെയ്തുകൊള്ളാം. നബി തിരുമേനി(സ) പ്രസ്താവിച്ചു: നിങ്ങൾ അത് ചെയ്യുമെന്ന് എനിക്കറിയാം, എങ്കിലും നിങ്ങൾക്കിടയിൽ വേറിട്ടു നിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്തെന്നാൽ, തന്റെ ഒരു അടിയാൻ തന്റെ കൂട്ടുകാർക്കിടയിൽ വേറിട്ടു നിൽക്കുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നില്ല.

നബിതിരുമേനി(സ) വീട്ടുജോലികളിൽ സഹായിക്കുകയും നമസ്കാരസമയം വന്നെത്തിയാൽ പള്ളിയിലേക്ക് പോകുകയുമാണ് ചെയ്തിരുന്നതെന്ന് ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്തിരിക്കുന്നു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു:വീട്ടുജോലികൾ ചെയ്യാൻ തീർത്തും വിസമ്മതിക്കുന്ന പുരുഷന്മാർക്കും, ഇതിൽ പാഠമുണ്ട്. അതുകാരണം ഭാര്യമാർക്കു പരാതിപ്പെടാനുള്ള അവസരം ലഭിക്കുന്നു.

നബിതങ്ങൾ തന്റെ ചെരുപ്പ് സ്വയം നന്നാക്കുമായിരുന്നു, തന്റെ വസ്ത്രം സ്വയം തുന്നുമായിരുന്നു, നിങ്ങളിൽ ഒരാൾ തന്റെ വീട്ടിൽ ജോലി ചെയ്യുന്നത് പോലെ അദ്ദേഹം തന്റെ വീട്ടിലും ജോലി ചെയ്യുമായിരുന്നു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു: സ്വഹാബികളും തങ്ങളുടെഭാര്യമാരെവീട്ടുജോലികളിൽസഹായിക്കാറുണ്ടായിരുന്നു എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ വീടിന്റെ കാര്യത്തിൽ പ്രാഥമിക

ഉത്തരവാദിത്വം ഭാര്യമാർക്കാണെന്നും കൂടി ഇവിടെ ഞാൻ വ്യക്തമാക്കട്ടെ.

പ്രത്യേക പരിഗണന ലഭിക്കുന്നത് നബിതിരുമേനി എപ്പോഴും വിസമ്മതിക്കുകയാണ് ചെയ്തിരുന്നത്.

മസ്ജിദ് നിർമ്മാണവേളയിൽ അവിടുന്ന് ഇഷ്ടിക ചുമക്കുന്ന ജോലിയിൽ ജനങ്ങളെ സഹായിച്ചു; കിടങ്ങ് കുഴിക്കുമ്പോൾ മണ്ണ് ചുമന്നു; അവിടുത്തെ നെഞ്ചിലെ രോമങ്ങൾ മണ്ണുകൊണ്ട് മൂടിയിരുന്നു.

ഒരിക്കൽ നബിതിരുമേനി(സ) സഹാബാക്കളുടെ അടുത്തേക്ക് വന്നപ്പോൾ അവർ എഴുന്നേറ്റു നിന്നു. അവിടുന്ന് പറഞ്ഞു: പേർഷ്യക്കാർ തങ്ങളുടെ പ്രമുഖർക്ക് വേണ്ടി ചെയ്യുന്നത് പോലെ നിങ്ങൾ ചെയ്യരുത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: തന്റെ വരവിൽ ആളുകൾ എഴുന്നേറ്റ് നിൽക്കുന്നത് നബിതിരുമേനി വിലക്കുമായിരുന്നു. ഇതൊക്കെ ഇറാനികളുടെ രീതിയാണ്, ഞാൻ ഒരു രാജാവല്ല എന്നാണ് അവിടുന്ന് പറഞ്ഞത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുന്നു:

*എന്റെ അഭിപ്രായത്തിൽ പരിശുദ്ധി കൈവരിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഇതാണ്, ഇതിനേക്കാൾ മികച്ച മറ്റൊരു മാർഗ്ഗം ലഭിക്കുക അസാധ്യമാണ്. മനുഷ്യൻ വിജ്ഞാനപരമോ കുടുംബപരമോ സാമ്പത്തികമോ ആയ ഒരുവിധ അഹങ്കാരവും അഹംഭാവവും കാണിക്കാതിരിക്കുക എന്നതാണത്. ഒരു ഉന്നതകുലജാതനോട് കാണിക്കുന്ന അതേ സ്വഭാവമഹിമ ഒരു പാവപ്പെട്ട വൃദ്ധയോടും കാണിക്കുകയും എല്ലാത്തരം അഹങ്കാരങ്ങളിൽ നിന്നും ഗർവിൽ നിന്നും സ്വയം രക്ഷിക്കുകയും ചെയ്യുന്നത് വരെ ഒരാളും ഒരിക്കലും അല്ലാഹുവിന്റെ സ്വർഗരാജ്യത്ത് പ്രവേശിക്കുകയില്ല.*

അല്ലാഹു നമുക്ക് വിനയത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാനും നബി തിരുമേനി(സ) യുടെ ഉത്തമ മാതൃക എപ്പോഴും കണ്മുന്നിൽ വയ്ക്കാനും തൗഫീഖ് നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 15.05.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY HARIF MOHAMMED BM& AMNAS PK

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516